നം. 2037/പി.ജി.എൻ/2012/റ്റി.എ.4/സി.ഇ.ഇ

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി. നഴ്സിംഗ്) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2012

1. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, ആലപ്പുഴ, തൃശൂർ എന്നീ സർക്കാർ നഴ്സിംഗ് കോളേജുകളിലും സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്കും താഴെപ്പറയുന്ന ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി.നഴ്സിംഗ് 2012) ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.
(i) മെഡിക്കൽ സർജിക്കൽ നഴ്സിംഗ് (ii) കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് (iii) ചൈൽഡ് ഹെൽത്ത് നഴ്സിംഗ് (iv) ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി നഴ്സിംഗ് (v) മെന്റൽ ഹെൽത്ത് നഴ്സിംഗ്

2. **പ്രവേശനത്തിനുള്ള യോഗ്യതകൾ**:

**(i) നേറ്റിവിറ്റി**: അപേക്ഷകൻ കേരളത്തിൽ ജനിച്ച ഇൻഡ്യൻ പൗരനായിരിക്കണം.

**(ii) വിദ്യാഭ്യാസ യോഗ്യതകൾ**: കേരളത്തിലെ സർവ്വകലാശാലകളിലൊന്നിൽ നിന്നും ലഭിച്ചതോ/ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതോ ആയ ബി.എസ്.സി. നഴ്സിംഗ് ബിരുദം അഥവാ ജനറൽ നഴ്സിംഗ് ആന്റ് മിഡ്‌വൈഫറി കോഴ്സ് പൂർത്തിയാക്കിയതിനു ശേഷമുള്ള പോസ്റ്റ് ബേസിക് നഴ്സിംഗ് (റഗുലർ) ബിരുദം. കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നോ കല്പിത സർവ്വകലാശാലയിൽ നിന്നോ നഴ്സിംഗ് ബിരുദം നേടിയിട്ടുള്ളവർ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നുമുള്ള തുല്യതാ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

**(iii) സേവനപരിചയം**: നഴ്സിംഗ് ബിരുദത്തിനും രജിസ്ട്രേഷനും ശേഷം, നഴ്സിംഗ് സ്കൂൾ/കുറഞ്ഞത് 100 രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആശുപത്രി/കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് പ്രോഗ്രാം എന്നിവയിലേതിലെങ്കിലും ഒരു വർഷത്തെ സേവനപരിചയം അല്ലെങ്കിൽ രജിസ്ട്രേഷനുശേഷം ഒരു വർഷത്തെ ഇന്റേൺമെന്റ്/നിർബന്ധിത സർക്കാർ സേവനം, അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന തീയതിയിൽ **(08.08.2012)** പൂർത്തിയാക്കിയിരിക്കണം.

**കുറിപ്പ്**: (എ) ബി.എസ്.സി. നഴ്സിംഗ് ബിരുദത്തിനുശേഷം മറ്റു സംസ്ഥാനങ്ങളിലെ നഴ്സിംഗ് കൗൺസിലിൽ നിന്നും രജിസ്റ്റർ ചെയ്ത് കേരളത്തിനുപുറത്തുള്ള സ്ഥാപനങ്ങളിൽ ആർജ്ജിക്കുന്ന പ്രവൃത്തി പരിചയവും പരിഗണിക്കുന്നതാണ്.

(ബി) പോസ്റ്റ് ബേസിക് നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കുന്നതിനാവശ്യമായ കാലയളവ് പ്രവൃത്തി പരിചയമായി പരിഗണിക്കില്ല.

(സി) ജനറൽ നഴ്സിംഗ് ആന്റ് മിഡ്‌വൈഫറി കോഴ്സ് പൂർത്തിയാക്കിയവരുടെ സേവന പരിചയം ബി.എസ്.സി. നഴ്സിംഗ് ബിരുദം നേടുന്നതിന് മുൻപാണെങ്കിൽ അത് ഈ കോഴ്സിലേയ്ക്ക് ആവശ്യമായ സേവന പരിചയമായി കണക്കാക്കുന്നതല്ല.

**അപേക്ഷകർ കൗൺസിലിങ്ങിനു ഹാജരാകുമ്പോൾ കേരള നഴ്സിംഗ് ആന്റ് മിഡ് വൈഫറി കൗൺസിലിൽ നിന്നുമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.**

3. **വയസ്സ്**: അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന തീയതിയിൽ **(08.08.2012)** ജനറൽ വിഭാഗത്തിൽ-പ്പെടുന്നവർക്ക് ഉയർന്ന പ്രായ പരിധി 45 വയസ്സും സർവ്വീസ് ക്വാട്ടാ അപേക്ഷകരുടെ ഉയർന്ന പ്രായ പരിധി 49 വയസ്സും ആയിരിക്കും.

4. **തെരഞ്ഞെടുപ്പും പ്രവേശന പരീക്ഷയും**: സർവ്വീസ് വിഭാഗം ഉൾപ്പെടെയുള്ള എല്ലാ വിഭാഗം അപേക്ഷ കർക്കും പ്രവേശന പരീക്ഷാ കമ്മീഷണർ **09.09.2012(ഞായറാഴ്ച)** തിരുവന്തപുരത്ത് വച്ച് നടത്തുന്ന പ്രവേശന പരീക്ഷയിൽ നിശ്ചിതയോഗ്യതയായ **40%** മാർക്ക് നേടിയിരിക്കണം. എസ്.ഇ.ബി.സി., എസ്.സി/എസ്.റ്റി വിഭാഗത്തിലുള്ളവർ **35%** മാർക്ക് നേടിയിരിക്കണം. പ്രവേശന പരീക്ഷ 3 മണിക്കൂർ ദൈർഘ്യമുള്ളതും 200 ചോദ്യങ്ങളുള്ളതും ഒബ്ജക്ടീവ് മാതൃകയിലുള്ളതുമായിരിക്കും

5. **അപേക്ഷ സമർപ്പിക്കേണ്ട വിധം**: സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരും www.cee-kerala.org എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പൊതു അപേക്ഷാഫോം ഉപയോഗിച്ച് **ഓൺലൈനായി** അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസ്സും ഇതേ വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ

സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പ്രോസ്പെക്ടസ്സ് ക്ലോസ് 8.1 ൽ വിശദമാക്കിയിട്ടുണ്ട്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുക്കേണ്ടതും, അതിനോടൊപ്പം ലഭിക്കുന്ന ബാങ്ക് ചെലാൻ ഉപയോഗിച്ച് SBT യുടെ ഏതെങ്കിലും ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കേണ്ടതുമാണ്. ജനറൽ/സർവ്വീസ് വിഭാഗം അപേക്ഷാഫീസ് **1000/– രൂപ**; SC/ST വിഭാഗം അപേക്ഷാഫീസ് **500/-രൂപ** ജനറൽ മെറിറ്റ് ക്വോട്ടയിൽ കൂടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗം അപേക്ഷകർ മൊത്തം **2000/–രൂപ** അടയ്ക്കേണ്ടതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാഫോമുകൾ മെഡിക്കൽ കോളേജുകളിലോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ലഭിക്കുന്നതല്ല.

6. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും** : ഓൺലൈനായി സമർപ്പിച്ച അപേക്ഷാ ഫോമിന്റെ പ്രിന്റ്ഔട്ടിൽ അപേക്ഷകർ തങ്ങളുടെ പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ ഒട്ടിച്ച് സ്വയം സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഈ പ്രിന്റ്ഔട്ട്, അപേക്ഷാഫീസ് ബാങ്കിൽ അടച്ചതിന്റെ ഒറിജിനൽ ചെലാൻ, പ്രോസ്പെക്ടസ്സിൽ ക്ളോസ് 8.2 യിൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം നേരിട്ടോ അല്ലെങ്കിൽ രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **20.08.2012 (തിങ്കളാഴ്ച)** വൈകുന്നേരം **5** മണിക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്.

   വിലാസം: **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001.**

   സർവ്വീസ് ക്വോട്ടയിലേക്ക് അപേക്ഷിക്കുന്ന അപേക്ഷാർത്ഥികൾ അപേക്ഷകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കുകയും അപേക്ഷയുടെ ഒരു കോപ്പി ആവശ്യമായ സർവ്വീസ് രേഖകൾ സഹിതം **20.08.2012(തിങ്കളാഴ്ച)** വൈകിട്ട് **5** മണിക്ക് മുൻപ് അവരുടെ കൺട്രോളിംഗ് ആഫീസർക്ക് (DME/DHS) കൂടി സമർപ്പിക്കേണ്ടതുമാണ് .വൈകി ലഭിക്കുന്നതും, അപാകതയുള്ളതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

7. **അഡ്മിറ്റ് കാർഡ്**- പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പ്രവേശന പരീക്ഷാകമ്മീഷണറുടെ www.cee-kerala.org എന്ന വെബ്സൈറ്റിൽ നിന്നും **25.08.2012 (ശനിയാഴ്ച)** മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

8. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാകമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

9. അപേക്ഷഫോമിൽ നിശ്ചിത ഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാ ഫോമിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കുന്നതല്ല.

10. **റാങ്ക് ലിസ്റ്റ്**: പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുന്ന അപേക്ഷാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിൽ **(www.cee-kerala.org)** പ്രസിദ്ധീകരിക്കുന്നതും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നതുമാണ്.

11. **പ്രവേശനം**: സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ്, പ്രവേശനം എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ, സർക്കാർ അംഗീകൃത പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്നതാണ്.

12. സർക്കാർ അംഗീകരിച്ച്, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളതും **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമായിട്ടുള്ളതുമായ 2012 ലെ ബിരുദാനന്തര ബിരുദ നഴ്സിങ്ങ് കോഴ്സുകളുടെ പ്രോസ്പെക്ടസ്സ്, 01/08/2012 ലെ സർക്കാർ ഉത്തരവ് നം. 251/2012/H&FWD, 07/08/2012 ലെ സർക്കാർ ഉത്തരവ് നം. 264/2012/H&FWD എന്നിവയിലെ വ്യവസ്ഥകൾ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് എല്ലാ അപേക്ഷകരും ശ്രദ്ധിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
08.08.2012